**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1428** 30-01-2018 -ൽ മറുപടിക്ക്

**ഓഖി ദുരിത ബാധിതരുടെ പുനരധിവാസം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | ഓഖി ചുഴലിക്കാറ്റിൽ വീട് നഷ്ടപ്പെട്ട എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വിവിധ ക്യാമ്പുകളിലായി കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | എ) | തൃശ്ശൂർ ജില്ലയിൽ ഒൻപത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ രണ്ട് ക്യാമ്പുകളിലായി കഴിയുന്നുണ്ട്. |
| ബി) | ഇവരുടെ പുനരധിവാസം സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ ? | ബി) | പുനരധിവാസ പ്രവർത്തനങ്ങൾക്ക് അധിക ധന സഹായം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് പ്രത്യേക പാക്കേജ് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി ഏഴ് (7) ഗവ. സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| സി) | തിരുവനന്തപുരം ജില്ലയിൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് എവിടെയെല്ലാമാണ് ക്യാമ്പുകൾ ആരംഭിച്ചതെന്നും ഓരോ ക്യാമ്പിലും എത്ര പേർ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | സി) | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, മണക്കാട്, വിഴിഞ്ഞം, പൂവ്വാർ, കുളത്തൂർ, ശാർക്കര, നെടുമങ്ങാട്, വെട്ടൂർ, കള്ളിക്കാട് എന്നിവിടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നു. ആകെ 4821 അംഗങ്ങളെ പ്രത്യേക ക്യാമ്പുകളിൽ മാറ്റിപ്പാർപ്പിച്ചിരുന്നു. നിലവിൽ തിരുവനന്തപുരം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നില്ല. |
| ഡി) | ഇവരുടെ പുനരധിവാസം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ ? | ഡി) | പുനരധിവാസം സംബന്ധിച്ച് അധികധന സഹായം ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് പാക്കേജ് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ